അഗസ്ത്യകൂടത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ

1352. [2025] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 സാമ്പത്തിക വർഷത്തിൽ അഗസ്ത്യകൂടത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എത്ര രൂപ ചെലവാക്കി ;

(ബി) ഈ റോഡിന്റെ മൊത്തം നീളം എത്രയാണ് ;

(സി) ഏതൊക്കെ ഫോറസ്റ്റ് റെയിഞ്ചിന്റെ മേൽനോട്ടത്തിലാണ് പണികൾ നടന്നത് ;

(ഡി) ഓരോ റെയിഞ്ചിൽനിന്നും ഈ റോഡ് പണിയുന്നതിലേക്കായും അറ്റകുറ്റപ്പണികൾ നടത്തിയ വകയിലും ഉണ്ടായ ചെലവുകൾ പ്രത്യേകം വെളിപ്പെടുത്താമോ ;

(ഇ) ഈ റോഡിന്റെ ആവശ്യകത എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-86-ൽ അഗസ്ത്യകൂടത്തിലേക്കുള്ള നടപ്പാതയുടെ അറ്റകുറ്റപണികൾക്കായി 29,948.11 രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) 24 കിലോമീറ്റർ.

(സി) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ മേൽനോട്ടത്തിലാണ് അഗസ്ത്യകൂടത്തിലേക്കുള്ള നടപ്പാതയുടെ പണികൾ നടത്തിയിട്ടുള്ളത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വനം വകുപ്പ് ഉദ്യോഗസ്ഥൻമാർക്ക് വന-വന്യജീവി സംരക്ഷണത്തിനായും വിനോദസഞ്ചാരികൾക്ക് സഞ്ചരിക്കുന്നതിനും വേണ്ടിയാണ് ഈ റോഡ് നിർമ്മിച്ചിരിക്കുന്നത്.

ചോനാംപാറ കാണി സെറ്റിൽമെന്റിലേക്ക് റോഡുവെട്ടുന്നതിലേക്കായി വിട്ടുകൊടുത്ത വനം

1353. [2026] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കോട്ടൂർനിന്നും വനത്തിനുള്ളിലെ ചോനാംപാറ കാണി സെറ്റിൽമെന്റുവരെ റോഡ് വെട്ടുന്നതിലേക്കായി എത്ര ഏക്കർ വനം വിട്ടുകൊടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ റോഡ് ആരാണ് നിർമ്മിച്ചത് ; ഈ റോഡിന്റെ ഉദ്ദേശം എന്തായിരുന്നു ; ഇതിനുവേണ്ടി മൊത്തം എത്ര രൂപ ചെലവായി ;

(സി) ഈ റോഡ് പണിയുവാൻ പ്രൊപ്പോസൽ കൊടുത്തതാരാണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly